


# അതിഥിയും ആതിഥേയനും

(ലൂക്കാ 14:1 – 14)

Vol. 11, Issue: 4

ഡീ. റിച്ചാർഡ് വരിക്കശ്ശേരിൽ MCBS

ദിവ്യകാരുണ്യ ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

ആരാധനാക്രമ വത്സരത്തിലെ ഒരു പുതിയകാലത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണ്, കൈത്താക്കാലം. 'കൈത്താ' എന്ന സുറിയാനി വാക്കിന്റെ അർത്ഥം 'വേനൽ' എന്നാണ്. അപ്പസ്തോലന്മാരുടെയും അവരുടെ പിൻഗാമികളുടെയും പ്രേഷിതപ്രവർത്തനവും വിശ്വാസജീവിതവും വഴിയായി ഫലം ചൂടി നിൽക്കുന്ന സഭാവൃക്ഷത്തെ അനുസ്മരിക്കുന്ന കാലമാണിത്.

വി. ലൂക്കായുടെ സുവിശേഷത്തെ 'വിരുന്നിന്റെ സുവിശേഷം' എന്നു വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല. കാരണം, ഈശോ ഏറ്റവും കൂടുതൽ വിരുന്നുകളിൽ പങ്കാളിയാകുന്നതും വിരുന്നിന്റെ പശ്ചാത്തലത്തിൽ പ്രബോധനങ്ങൾ നൽകുന്നതും ലൂക്കായുടെ സുവിശേഷത്തിൽ മാത്രം കാണുന്ന പ്രത്യേകതയാണ്. ലൂക്കായുടെ സുവിശേഷത്തിൽ, പത്തിടങ്ങളിൽ ഈശോ വിരുന്നിൽ പങ്കെടുക്കുന്നു. മനുഷ്യസംഗമത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരിടം വിരുന്നാണ്. പക്ഷേ, അതുതന്നെ ദൈവ-മനുഷ്യസംഗമത്തിന്റെ ഇടമാക്കി ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുകയാണ്.

യേശു പങ്കെടുക്കുന്ന ഈ വിരുന്ന് വിവാഹവിരുന്നാകാൻ തരമില്ല. കാരണം, സാബത്തിന്റെ പശ്ചാത്തലത്തിലാണ് ഈ വിവരണം മുന്നേറുന്നത്. സാബത്തിൽ വിവാഹം നടത്താറില്ല. സാബത്തുനാളിലെ വിശേഷ ഭക്ഷണമാകാം ഇവിടെ വിവക്ഷിക്കപ്പെടുന്നത്. യഹൂദർ സാധാരണ ദിവസങ്ങളിൽ രണ്ടുനേരമേ ഭക്ഷിക്കാറുള്ളൂ; മദ്ധ്യാഹ്നത്തിനു മുമ്പുള്ള ഭക്ഷണവും (Ariston) സന്ധ്യാഭക്ഷണവും (Deipnon). എന്നാൽ, സാബത്തുനാളിൽ ഒരു വിശേഷ ഭക്ഷണം കൂടി യഹൂദർ കഴിച്ചിരുന്നു. മദ്ധ്യാഹ്നഭക്ഷണത്തിനു മുമ്പാണ് ഇത് കഴിച്ചിരുന്നത്. വിശിഷ്ടവിഭവങ്ങൾ ഉൾക്കൊള്ളുന്ന ഈ ഭക്ഷണം തികച്ചും

ഒരു വിരുന്നു തന്നെയാണ്. സിനഗോഗിലെ ആരാധനയ്ക്കുശേഷമുള്ള വിരുന്നാണ് ഇവിടെ പരാമർശിക്കുന്നതെന്ന് ന്യായമായും അനുമാനിക്കാം.

പ്രധാന കസേരയ്ക്കു വേണ്ടിയുള്ള തള്ളിക്കയറ്റം കണ്ടാണ് ഈശോ ശിഷ്യർക്ക്, തീൻമേശ മര്യാദകൾ ഉപദേശിക്കുന്നത്. വിരുന്നുശാലയിൽ ഏറ്റവും പിന്നിലെ കസേരയിൽ പോയിരിക്കുക എന്നതാണ് ഈശോയുടെ ഉപദേശം. മുന്നോട്ടു വിളിച്ചിരുത്തുമ്പോൾ തനിക്ക് കൂടുതൽ ബഹുമാനം കിട്ടും എന്ന ചിന്തയാൽ കപടമായ എളിമയോടെ പിന്നിൽ പോയി ഇരിക്കാനല്ല ഈശോ ഉദ്ദേശിക്കുന്നത്. ഇത്തരം കപട എളിമക്കാരെ പലയിടത്തും കാണാം. മുന്നിലേയ്ക്ക് വിളിച്ചിരുത്തിയില്ലെങ്കിൽ കെറുവിച്ചും കവിൾ വീർപ്പിച്ചും നടക്കുന്നവരാണവർ. എന്നാൽ, ഈശോ വിവക്ഷിക്കുന്നത് അടിസ്ഥാനപരമായ ഒരു വീക്ഷണവ്യത്യാസമാണ്. എല്ലാവരെയും കാൾ ശ്രേഷ്ഠനും ആദരണീയനും സ്നേഹയോഗ്യനും താൻ തന്നെയാണ് എന്ന മനുഷ്യന്റെ സഹജമായ കാഴ്ച്ചപ്പാടിനെ തിരുത്തിക്കൊണ്ട്, അപരൻ തന്നേക്കാൾ ആദരണീയനാണ് എന്ന നിലപാടിലേയ്ക്ക് കടന്നുവരാനാണ് ഈശോ ക്ഷണിക്കുന്നത്.

വിരുന്നിന് വിളിച്ചവനോട് ഈശോ ഓർമ്മിപ്പിക്കുന്നത്, വിളിക്കാൻ വിട്ടുപോയവരെയൊക്കെയാണ്; ഒരു സ്വീകരണപന്തലിലും അത്താഴവിരുന്നിലും നാം ഒരിക്കലും പ്രതീക്ഷിക്കാത്ത ചിലർ. ദരിദ്രർ, വികലാംഗർ, മുടന്തർ... (4:13) പട്ടിക നീളുകയാണ്. എങ്കിലും ബൈബിൾ അടച്ച്, ചുംബിച്ച് യഥാസ്ഥാനത്തു വച്ച് നാം ചർച്ചയ്ക്കിരിക്കുന്നു. "കല്യാണത്തിന് ഇനി ഒരാഴ്ചയേ ഉള്ളൂ. വിളിക്കാനുള്ളവരുടെ ലിസ്റ്റ് ഇനിയും തയ്യാറായിട്ടില്ല. അമേരിക്കയിലെ അച്ചായൻ, ബാംഗ്ലൂരിലെ ആങ്ങള, ലണ്ടനിലെ മരുമകൾ... ശ്ശൊ! ഇനിയും എത്ര പേരെ വിളിക്കാനുണ്ട്." ക്രിസ്തുവിന്റെ കൺവെട്ടത്തിലെ 'അതിഥി'കളിലേയ്ക്ക് ഹൃദയം തുറക്കാതെ നാം നടത്തുന്ന അത്താഴവിരുന്നിലൊക്കെ ഉപ്പ് കൂടുതലായിരിക്കും; ദരിദ്രരുടെ കണ്ണീരിന്റെ ഉപ്പ്.

മറ്റുള്ളവർക്ക് വഴിമാറി കൊടുക്കുന്ന, മറ്റുള്ളവർക്കുവേണ്ടി താണുകൊടുക്കുന്ന ആത്മീയഭാവം എത്ര സുന്ദരമാണ്. അതാണ് ക്രിസ്തീയതയുടെ അനന്യത. നമ്മുടെ ഓരോരുത്തരുടെയും മഹത്വം അന്വേഷിക്കാതെ ദൈവത്തിന്റെയും സഹോദരങ്ങളുടെയും മഹത്വം അന്വേഷിക്കാൻ നമുക്കു കഴിയണം. മറ്റുള്ളവർക്കുവേണ്ടി ജീവിക്കുമ്പോഴാണ് നിന്റെ ജീവിതം ധന്യമാകുന്നത്. തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും; തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടുന്നത് പുതിയ കാലത്തിന്റെ സ്വാർത്ഥമോഹങ്ങൾക്ക് കടകവിരുദ്ധമായ ചിന്തയാണ്. സ്വാർത്ഥതയേതുമില്ലാത്ത നിർലോഭമായി കാരുണ്യവും സ്നേഹവും വർഷിക്കുന്ന ഇടങ്ങളെല്ലാം വിരുന്നിന്റെ സ്വർഗ്ഗീയാനുഭവം തരുന്ന ദൈവരാജ്യ ഇടങ്ങളായി നമുക്ക് തിരിച്ചറിയാം. ഈ തിരിച്ചറിവിലേയ്ക്ക് കർത്താവ് നമ്മെ നയിക്കുവാനായി പ്രാർത്ഥിക്കാം.

സുവിശേഷം മുന്നോട്ടുവയ്ക്കുന്ന ദർശനങ്ങൾ വ്യക്തമാണ്. എല്ലാ നേട്ടങ്ങൾക്കുമിടയിൽ എളിമയുടെയും സമഭാവനയുടെയും ലാളിത്യത്തിന്റെയും തെളിനീർ സൂക്ഷിക്കുക; എന്റെ ബന്ധങ്ങളിൽ, പ്രയോറിറ്റികളിൽ, വിരുന്നുകളിൽ ആരും പ്രതീക്ഷിക്കാത്ത ചിലർക്കു കൂടി സ്ഥാനമുണ്ടാക്കുക.

എന്തിനാണ് ദരിദ്രരെ ഒന്നാമതായി ഓർമ്മിക്കേണ്ടത് എന്ന സംശയത്തിന് കർത്താവ് മറുപടി നൽകുന്നു: "നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ പ്രതിഫലം കിട്ടാൻ." ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇതു മാത്രമായിരിക്കട്ടെ നാം ഉന്നം വയ്ക്കേണ്ടത്.